## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2716 — 12-03-2018 -ൽ മറുപടിക്ക്

### കടുത്ത വരൾച്ചയിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഹാര മാർഗ്ഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കടുത്ത വേനൽ മൂലം കഷ്ടതയനുഭവിക്കുന്ന കർഷകരേയും ജനങ്ങളേയും സംരക്ഷിക്കാനായി എന്തു നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ; | എ) | വേനൽ സംബന്ധിച്ച നടപടികൾ ദുരന്ത നിവാരണ അതോറിറ്റിയുടെ പരിധിയിൽ വരുന്നില്ല. മഴക്കുറവ് മൂലം രൂക്ഷമായ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണത്തിനും ജലപുനരുപയോഗത്തിനും ആവശ്യമായ ബോധവത്ക്കരണം കൃഷി വകുപ്പ് കർഷകർക്ക് നൽകിവരുന്നുണ്ട്. വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളങ്ങൾ എന്നിവയുടെ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ എന്നിവ കൃഷി വകുപ്പ് നടപ്പാക്കി വരുന്നു. മൂപ്പ് കുറഞ്ഞ വിത്തുകൾ കൃഷി ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, എന്നിവ അവലംബിക്കുന്നതിനും ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് തുടങ്ങിയ പയറു വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന കനാലുകൾ മണ്ണ് നീക്കി കൃഷിയിടങ്ങളിലേക്കുള്ള ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി നാശം ഒഴിവാക്കുവാൻ പാടശേഖരങ്ങളിൽ തടയണ നിർമ്മിക്കുവാൻ |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കൂടുതൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>മഴയുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് കേരളത്തെ വരൾച്ചയിലേക്ക് നയിക്കാൻ സാധ്യതയുണ്ടെന്ന് കണക്കാക്കി ലഭ്യമായ ജല വിഭവം പരമാവധി സംരക്ഷിക്കുന്നതിനും ജലനഷ്ടം കുറക്കുന്നതിനും ഉള്ള നടപടികൾ ജലസേചന വകുപ്പ് നടപ്പാക്കി വരുന്നു ഇതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ / ചിറകൾ / അരുവികൾ എന്നിവ മാലിന്യ മുക്തമാക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, തടയണകൾ നിർമ്മിക്കുക, ശുദ്ധജല സ്രോതസ്സുകളിലേക്ക് ലവണ ജലം കലരാതിരിക്കുന്നതിനായി ഓരു മുട്ടുകൾ / തടയണകൾ നിർമ്മിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ, ജലവിഭവ വകുപ്പ് ചെയ്തുവരുന്നു. |
| ബി) | അതിനായി എന്തെങ്കിലും കേന്ദ്ര സഹായം ആവശ്യപ്പെട്ടുമോ, വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ; | ബി) | കേന്ദ്ര വരൾച്ചാ മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം വരൾച്ച പ്രഖ്യാപിക്കുന്ന സാഹചര്യം ഉണ്ടായാൽ മാത്രമേ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക ധനസഹായത്തിനായി കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കാനാവുകയുള്ളൂ. |
| ഡി) | നിലവിലുള്ള വേനലും കടുത്ത വരൾച്ചയും (2017-18) സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കണ്ടെത്തലുകളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ? | ഡി) | കേന്ദ്ര വരൾച്ചാ മാനുവൽ 2016-ന്റെ മാനദണ്ഡങ്ങൾ പ്രകാരം വിവിധ ജില്ലകളിലെ താലൂക്കുകൾ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുവാൻ സാധിക്കുമോ എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ചു വരുന്നു. പ്രസ്തുത മാനുവൽ പ്രകാരം മാർച്ച് 31-നു മുൻപ് ഈ വിശകലനം പൂർത്തിയാക്കി, സംസ്ഥാന അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | തീരുമാനത്തിന് വിധേയമായി, ആവശ്യമെങ്കിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. മേൽ വിശകലനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വരൾച്ച പ്രഖ്യാപിക്കുന്ന താലൂക്കുകളിൽ വരൾച്ചയുടെ തോത് അനുസരിച്ച് പ്രതികരണ മാർഗ്ഗങ്ങൾ നിർണയിക്കുവാൻ സാധിക്കുകയുള്ളൂ . |

സെക്ഷൻ ഓഫീസർ